# കേരള സർവകലാശാല

നം. പി.ആർ.120/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം 2017: ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി ജൂൺ 10

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 10-ന് അവസാനിക്കുന്നതാണ്. പ്രവേശന നടപടികളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ വിഭാഗത്തിൽ പെട്ടവരും മേൽ പറഞ്ഞ തീയതിക്ക് മുമ്പ് ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തികരിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് അയക്കേണ്ടതില്ല. പ്രവേശന സമയത്ത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2017 കമ്മ്യൂണിറ്റി ക്വാട്ട/സ്പോർട്ട്സ് ക്വാട്ട അപേക്ഷയുടെ അവസാന തീയതി ജൂൺ ഒൻപത്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിലും സ്പോർട്ട്സ് ക്വാട്ടയിലും ഒന്നാം വർഷ ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ ഒരു പ്രിന്റൗട്ടും അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ ജൂൺ ഒൻപത് വൈകിട്ട് അഞ്ച് മണിക്ക് മുൻപ് സമർപ്പിക്കണം. സർവ്വകലാശാലയിലേക്ക് അപേക്ഷകൾ അയക്കരുത്.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2017: പ്രിൻസിപ്പൽമാരുടെ യോഗം

ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടേയും, അഡ്മിഷൻ കോ-ഓർഡിനേറ്റർമാരുടേയും യോഗം 02.06.2017 വെള്ളിയാഴ്ച സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ചേംബറിൽ വെച്ച് നടത്തുന്നതാണ്. ഗവൺമെന്റ്/എയ്ഡഡ് കോളേജുകളുടേത് രാവിലെ 11 മണിക്കും സ്വാശ്രയ/യു.ഐ.റ്റി എന്നിവയുടേത് ഉച്ചയ്ക്ക് 2 മണിക്കുമാണ് നടത്തുന്നത്.എല്ലാ കോളേജുകൾക്കും ഇ-മെയിൽ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണത്താൽ ഇ-മെയിൽ ലഭിക്കാതെ വന്നാൽ ഈ പത്രക്കുറിപ്പ് അറിയിപ്പായി കരുതി, പ്രസ്തുത യോഗത്തിൽ കൃത്യ സമയത്ത് പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

### ബി.എഫ്.എ (ഹിയറിങ് ഇംപയേർഡ്) പരീക്ഷ

കേരള സർവകലാശാല ജൂൺ 14-ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എഫ്.എ (എച്ച്.ഐ), ജൂൺ 22-ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.എഫ്.എ (എച്ച്.ഐ) പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ അഞ്ച് (50 രൂപ പിഴയോടെ ജൂൺ ഏഴ്, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ 9) വരെ

ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ജൂൺ മാസം ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി. ടെക് പാർട്ട്ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം – റെഗുലർ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പിഎ പ്രവേശനം

ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിലേക്കുള്ള ഒന്നാം വർഷ ബി.പിഎ പ്രവേശനം (2017–18) സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
01.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ